**കേരള ഇലക്ട്രിസിറ്റി എംപ്ളോയീസ് കോൺഫെഡറേഷൻ (ഐ.എൻ.റ്റി.യു.സി)**

രജി.നമ്പർ 01-14/87 – അഫി : നമ്പർ 10485

വി.പി മരയ്ക്കാർ സ്മാരകമന്ദിരം, അംബുജവിലാസം റോഡ്

തിരുവനന്തപുരം -1

പ്രസിഡന്റ്
കെ.പി.ധനപാലൻ Ex.MP

ജനറൽ സെക്രട്ടറി
സിബിക്കുട്ടി ഫ്രാൻസിസ്


തിരുവനന്തപുരം
12.01.2015

നമ്പർ. 1/2015

# സർക്കുലർ

സുഹൃത്തേ,

Membership/ Member Details Form ഭൂരിഭാഗം ഡിവിഷനുകളിൽ നിന്നും ലഭിച്ചു കഴിഞ്ഞു. ആറായിരത്തോളം അംഗങ്ങളുടെ ഫോട്ടോ ഉൾപ്പടെയുള്ള ഫോം കേന്ദ്രക്കമ്മിറ്റി ഓഫീസിൽ ലഭിച്ചു. വിവരങ്ങൾ മുഴുവൻ (ഫോട്ടോ ഉൾപ്പെടെയുള്ള) യൂണിയൻ സൈറ്റിൽ ചേർത്തു. ഓരോ ഡിവിഷനും ഓരോ Password ഉണ്ട്. ഈ Password പ്രകാരം View ചെയ്യാനും പ്രിന്റ് എടുക്കാനും പുതിയത് ചേർക്കാനും സാധിക്കും.

താങ്കളുടെ ഡിവിഷനിലെ മെമ്പർഷിപ്പ് ലിസ്റ്റും ഐഡന്റിറ്റി കാർഡ് ഫോർമാറ്റും ഈ കത്തിനോടൊപ്പം (സെക്രട്ടറിമാരുടെ പേരിൽ) അയക്കുന്നു. ഓരോ അംഗത്തേയും നേരിട്ട് കണ്ട് ലിസ്റ്റ് പരിശോധിച്ച് തെറ്റുകളുണ്ടെങ്കിൽ തിരുത്തിയതിനുശേഷം ബോധ്യപ്പെട്ടുവെന്ന് ഉറപ്പാക്കുന്നതിനായി അംഗങ്ങളുടെ ഒപ്പ് പേരിന് നേരെ വാങ്ങണം. പരിശോധിച്ച <u>ഐഡന്റിറ്റി ഫോർമാറ്റ് ലിസ്റ്റ് മാത്രം 10 ദിവസത്തിനകം കേന്ദ്രക്കമ്മിറ്റി ആഫീസിൽ എത്തിക്കണം</u>. ഐഡന്റിറ്റി കാർഡ് പ്രിന്റ് ചെയ്യുന്നതിന് ഇത് അത്യാവശ്യമാണ്. ഉപേക്ഷ വിചാരിക്കരുത്. ഇനിയും ഫോം എത്തിക്കാനുള്ള ഡിവിഷനുകളിൽ നിന്നും ഒരാഴ്ചയക്കകം ഫോം എത്തിക്കുന്നതിനുള്ള നടപടികൾ ജില്ലാ സെക്രട്ടറിമാരുടെ ഭാഗത്തുനിന്നും ഉണ്ടാകണം.

**<u>സ്പോർട്സ് കമ്മിറ്റി</u>**

KSEB Ltd ജീവനക്കാരുടെ വാർഷിക സ്പോർട്സുമായി ബന്ധപ്പെട്ട കമ്മിറ്റിയിലേയ്ക്ക് യൂണിയൻ പ്രതിനിധികളുടെ പേര് നൽകുവാൻ അതത് ജില്ലകളിലുള്ള സംസ്ഥാന ഭാരവാഹികളും ജില്ലാ സെക്രട്ടറിമാരും ശ്രദ്ധിക്കണം. ജില്ലാ കമ്മിറ്റിയിലേയ്ക്ക് 12 പേരുടെ പേര് അതത് ഇലക്ട്രിക്കൽ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരെ ഏൽപ്പിക്കണം. റീജിയണൽ കമ്മിറ്റിയിലേയ്ക്കുള്ള 12 പേരുകൾ North Region- Chief Engineer (Dist.North), Central Region-Chief Engineer (Dist.Central), Southern Region- DyCE, Ele.Cir.Pathanamthitta എന്നിവരെ ഏൽപ്പിക്കണം. റീജിയന്റെ കീഴിൽ വരുന്ന സംസ്ഥാന ഭാരവാഹികളും ജില്ലാ സെക്രട്ടറിമാരും ചർച്ച ചെയ്ത് പേരുകൾ നൽകണം. ഇതു സംബന്ധിച്ച നിർദ്ദേശം യഥാ സമയങ്ങളിൽ അപ്പപ്പോൾതന്നെ മെസ്സേജ് വഴി അറിയിച്ചിരുന്നു.

**<u>വനിതാവേദി</u>**

വനിതാവേദിയുടെ സംസ്ഥാന കൺവെൻഷൻ 2015 ജനുവരി 27 ാം തീയതി രാവിലെ 10 ന് തിരുവനന്തപുരത്ത് സെക്രട്ടേറിയേറ്റിനു സമീപമുള്ള YMCA ഹാളിൽവച്ച് നടത്തുന്നതാണ്. കൺവെൻഷൻ ബഹു.ഊർജ്ജ വകുപ്പ് മന്ത്രി ശ്രീ.ആര്യാടൻ മുഹമ്മദ് ഉദ്ഘാടനം ചെയ്യുന്നതാണ്. താങ്കളുടെ ഡിവിഷനിലുള്ള എല്ലാ വനിതകളെയും കൺവെൻഷനിൽ പങ്കെടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. റഫറണ്ടം അടുത്തിരിക്കുന്ന സാഹചര്യത്തിൽ ഇത് വൻ വിജയമാക്കേണ്ടത് അത്യാവശ്യമാണ്. പോസ്റ്റർ ഉടൻ എത്തിക്കുന്നതാണ്. എല്ലാ ഓഫീസുകളിലും നിർബന്ധമായും ഒട്ടിക്കണം

**<u>II M Report</u>**

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് തയ്യാറാക്കിയ റിപ്പോർട്ടിന്റെ (Duties & Functions) ചുരുക്കം Union site ൽ ഉണ്ട്. ജില്ലാ സെക്രട്ടറിമാർ അതിന്റെ പ്രിന്റ് എടുത്ത് ഭാരവാഹികളുമായി ചർച്ച ചെയ്തതിനുശേഷം നിർദ്ദേശങ്ങൾ ഉടൻ അറിയിക്കണം.

**<u>ശമ്പള പരിഷ്ക്കരണം</u>**

ബന്ധപ്പെട്ട നിർദ്ദേശങ്ങൾ കേന്ദ്രക്കമ്മിറ്റി ആഫീസിൽ എത്തിക്കണമെന്ന് മുമ്പ് അറിയിച്ചിരുന്നുവെങ്കിലും ആരും എത്തിച്ചിട്ടില്ല.

വിശ്വാസപൂർവ്വം,

സിബിക്കുട്ടി ഫ്രാൻസിസ്
ജനറൽ സെക്രട്ടറി